

# നാലു വർഷ ബിരുദം

## കോളേജ് തല സമിതികൾക്കുള്ള കൈപ്പുസ്തകം

ജൂൺ 2024

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ
തിരുവനന്തപുരം

# നാലു വർഷ ബിരുദം

## കോളേജ് തല സമിതികൾക്കുള്ള കൈപ്പുസ്തകം

ജൂൺ 2024

**കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ**

തിരുവനന്തപുരം

# നാലു വർഷ ബിരുദം

## കോളേജ് തല സമിതികൾക്കുള്ള

## കൈപ്പുസ്തകം

Documentation Division
June 2024

Published by
The Kerala State Higher Education Council
Science and Technology Museum Campus, Vikas Bhavan P.O.
Thiruvananthapuram-695033, Kerala State, India
www.kshec.kerala.gov.in
Phone: 0471- 2301293, Fax: 0471 2301290

All Rights Reserved. Published

# നാലുവർഷ ബിരുദം

1. **കോളേജ് തലത്തിൽ നടത്തേണ്ട തയ്യാറെടുപ്പുകൾ**
    1. എല്ലാ കോളേജുകളിലും നാലുവർഷ ബിരുദ കോർഡിനേറ്ററെ ചുമതലപ്പെടുത്തണം.
    2. എല്ലാ വകുപ്പുകളും ഒരു വകുപ്പ് തല നാലുവർഷ ബിരുദ കോർഡിനേറ്ററെ ചുമതലപ്പെടുത്തണം.
    3. ഇവരെ ഉൾപ്പെടുത്തി കോളേജ് തല നാലുവർഷ ബിരുദ പ്രോഗ്രാം കമ്മിറ്റി പ്രിൻസിപ്പാളുടെ അദ്ധ്യക്ഷതയിൽ രൂപീകരിക്കണം.
    4. എല്ലാ യൂണിവേഴ്സിറ്റികളും അവരുടെ യൂണിവേഴ്സിറ്റിയിൽ ബിരുദ ലത്തിൽ നിലവിലുള്ള എല്ലാ ഡിസിപ്ലിനുകളുടെ ലിസ്റ്റും അവ ഓരോന്നിന്റെയും വിവിധ തലത്തിൽ ഉള്ള പാത് വേ കോഴ്സുകളുടെ ബാസ്കറ്റുകളും പ്രസിദ്ധീകരിക്കണം.
    5. വിവിധ ബോർഡ് ഓഫ് സ്റ്റഡീസ് തയ്യാറാക്കിയ ജനറൽ ഫൗണ്ടേഷൻ കോഴ്സുകളുടെ ഭാഗമായ ലാംഗ്വേജ് എബിലിറ്റി കോഴ്സുകൾ (AEC), ബഹു വൈജ്ഞാനിക കോഴ്സുകൾ (MDC), വാല്യൂ അഡിഷൻ കോഴ്സുകൾ (VAC), നൈപുണ്യ വികസന കോഴ്സുകൾ (SEC) എന്നിവയുടെ കോഴ്സ് ബാസ്കറ്റുകളും പ്രസിദ്ധീകരിക്കണം.
    6. ഇത്തരത്തിൽ സർവ്വകലാശാലകൾ പ്രസിദ്ധീകരിച്ച ഡിസിപ്ലിനുകളുടെ ലിസ്റ്റിൽ നിന്നും ഓരോ കോളേജുകളും അവരുടെ കോളേജുകളിൽ നൽകാൻ കഴിയുന്ന മേജർ പ്രോഗ്രാമുകളുടെയും മൈനർ പ്രോഗ്രാമുകളുടെയും ലിസ്റ്റ് തയ്യാറാക്കണം.
    7. നിലവിൽ അഫിലിയേഷൻ ഉള്ള പ്രോഗ്രാമുകളിലേക്ക് മാത്രമേ വിദ്യാർത്ഥികൾക്ക് മേജർ പഠനത്തിന് പ്രവേശനം നൽകാൻ സാധിക്കൂ.
    8. അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾക്ക് വകുപ്പ് തലത്തിൽ അക്കാദമിക് അഡ്വൈസർമാരെ അനുവദിക്കണം.

9. കോളേജിൽ നൽകുന്ന മേജർ പ്രോഗ്രാമുകൾക്കും മൈനർ പ്രോഗ്രാമുകൾക്കും ആവശ്യമായ കോഴ്സുകളുടെ ബാസ്കറ്റുകൾ കോളേജ് തലത്തിൽ സർവ്വകലാശാലാതല കോഴ്സ് ബാസ്കറ്റുകളിൽ നിന്ന് തയ്യാറാക്കി പ്രസിദ്ധീകരിക്കണം.
10. സർവ്വകലാശാല തലത്തിൽ പ്രസിദ്ധീകരിച്ച ജനറൽ ഫൗണ്ടേഷൻ കോഴ്സുകളുടെ ഭാഗമായ ലാംഗ്വേജ് എബിലിറ്റി കോഴ്സുകൾ (AEC), ബഹു വൈജ്ഞാനിക കോഴ്സുകൾ (MDC), വാല്യു അഡിഷൻ കോഴ്സുകൾ (VAC), നൈപുണ്യ വികസന കോഴ്സുകൾ (SEC) എന്നിവയുടെ കോഴ്സ് ബാസ്കറ്റുകളിൽ നിന്നും കോളേജ് തലത്തിൽ നൽകാൻ കഴിയുന്ന ഫൗണ്ടേഷൻ കോഴ്സുകളുടെ ബാസ്കറ്റുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കണം.
11. എല്ലാ കോളേജുകളും തങ്ങളുടെ കോളേജിൽ ഓരോ പ്രോഗ്രാമുകളിലേക്കും അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് സ്വീകരിക്കാവുന്ന വിവിധ അക്കാദമിക് പാത്ത് വേകളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കണം.
12. മേജർ വിത്ത് മൈനർ, സിംഗിൾ മേജർ, ഡബിൾ മേജർ, മേജർ വിത്ത് മൾട്ടിപ്പിൾ മൈനർ, ഇന്റർ ഡിസിപ്ലിനറി മേജർ, മൾട്ടി ഡിസിപ്ലിനറി മേജർ എന്നിങ്ങനെ വിവിധ പാത് വേകൾ വഴി വിദ്യാർത്ഥികൾക്ക് ബിരുദ പഠനം പൂർത്തീകരിക്കാനുള്ള അവസരമുണ്ട്.
13. അഡ്മിഷൻ നേടുന്ന സമയത്ത് വിദ്യാർത്ഥികൾ കോളേജ് പ്രസിദ്ധീകരിച്ച മൈനർ വിഷയങ്ങളുടെ പട്ടിക പരിശോധിക്കുകയും താല്പര്യമുള്ള മൈനർ വിഷയങ്ങൾ ആ കോളേജിൽ ലഭ്യമാണോ എന്ന് ഉറപ്പാക്കേണ്ടതുമാണ്.
14. ഓരോ വകുപ്പുകളും ആ വകുപ്പുകളിൽ മേജർ വിഷയം പഠിക്കുന്ന വിദ്യാർത്ഥികൾക്കു തെരഞ്ഞെടുക്കാവുന്ന മേജർ വിഷയത്തോട് ചേർന്ന് നിൽക്കുന്നതും അല്ലാത്തതുമായ മൈനർ വിഷയങ്ങളുടെ സർവ്വകലാശാലാതലത്തിൽ ലഭ്യമായ ഒരു പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കും.
15. വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള മൈനർ വിഷയങ്ങൾ അഡ്മിഷൻ നേടിയ കോളേജിൽ ഇല്ലെങ്കിൽ അത് മറ്റ് കോളേജുകളിൽ നിന്നോ

ഓൺലൈൻ പഠന രീതിയിലോ പൂർത്തീകരിക്കാനുള്ള സാദ്ധ്യത വിദ്യാർത്ഥികൾക്ക് തേടാവുന്നതാണ്.

16. എല്ലാ കോളേജുകൾക്കും മറ്റ് കോളേജുകളിലെ വിദ്യാർത്ഥികൾക്കായി ഓഫ് ലൈൻ/ഓൺ ലൈൻ ആയി പ്രവേശനം നൽകാൻ ഉദ്ദേശിക്കുന്ന കോഴ്സുകളുടെ ലിസ്റ്റും ലഭ്യമായ ഒഴിവുകളുടെ എണ്ണവും പ്രസിദ്ധീകരിക്കാവുന്നതാണ്.
17. മറ്റ് വിഷയങ്ങളുടെ പഠന ബോർഡുകൾ തയ്യാറാക്കിയ കോഴ്സുകൾ യോഗ്യരായ അദ്ധ്യാപകർ ഉണ്ടെങ്കിൽ ആ കോളേജിൽ പുതിയ മൈനർ വിഷങ്ങൾ ആയി നൽകാവുന്നതാണ്.
18. കോളേജുകൾക്ക് സ്വന്തം നിലയ്ക്ക് ോഗ്യരായ അദ്ധ്യാപകരെ നിയോഗിച്ചു വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള പുതിയ മൈനർ വിഷയങ്ങൾ നൽകാവുന്നതാണ്. ഇക്കാര്യം കോഴ്സ് ആരംഭിക്കുമ്പോൾ സർവ്വകലാശാലകളെ അറിയിക്കേണ്ടതാണ്.
19. സർവ്വകലാശാലാ പഠന ബോർഡുകൾ തയ്യാറാക്കിയ കോഴ്സുകളോ സർവ്വകലാശാല അംഗീകരിച്ച സിഗ്നേച്ചർ കോഴ്സുകളോ ഇത്തരത്തിൽ മൈനർ പഠനത്തിനായി വിദ്യാർത്ഥികൾക്ക് നൽകാവുന്നതാണ്.
20. എല്ലാ വിദ്യാർത്ഥികൾക്കും അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് അക്കൗണ്ട് ആരംഭിക്കാൻ വേണ്ട നിർദ്ദേശം നൽകണം.
21. വിവിധ സ്ഥാപനങ്ങളിൽ നിന്ന് വിദ്യാർത്ഥികൾ നേടുന്ന ക്രെഡിറ്റുകൾ നേരിട്ട് വിദ്യാർത്ഥിയുടെ ക്രെഡിറ്റ് ബാങ്ക് അക്കൗണ്ടിലാണ് സമാഹരിക്കപ്പെടുന്നത്.
22. വൊക്കേഷണൽ വിഷയങ്ങളിൽ മൈനർ നേടാനാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ള നൈപുണ്യ വികസന കേന്ദ്രങ്ങളെക്കുറിച്ചും അവ നൽകുന്ന വിവിധ തൊഴിലധിഷ്ഠിത ഹ്രസ്വകാല നൈപുണ്യ വികസന കോഴ്സുകളെക്കുറിച്ചുമുള്ള വിവരങ്ങൾ നൽകണം.
23. FYUG പ്രോഗ്രാമുകളുടെ മൈനർ കോഴ്സുകൾക്ക് പകരമായി ഈ ഹ്രസ്വകാല നൈപുണ്യ വികസന കോഴ്സുകളിലൂടെ നേടിയ ക്രെഡിറ്റുകൾ ഉപയോഗിക്കാൻ വിദ്യാർത്ഥികൾക്ക് അവസരമുണ്ടായിരിക്കും.



2. **കോളേജ് തല നാലുവർഷ ബിരുദ പ്രോഗ്രാം കമ്മിറ്റിയുടെ ശുപാർശകൾ**
    1. ക്ലാസ് ആരംഭിച്ച് ആദ്യ ദിവസങ്ങളിൽ വിദ്യാർത്ഥികൾക്കായി കോളേജ് തലത്തിൽ വിശദമായ ഓറിയെന്റേഷൻ പ്രോഗ്രാം സംഘടിപ്പിക്കണം.
    2. വിദ്യാർത്ഥികൾക്ക് നാലുവർഷ ബിരുദ പദ്ധതി പ്രകാരം അവരുടെ പഠന പ്രവർത്തനങ്ങൾ എങ്ങനെയാണ് ചിട്ടപ്പെടുത്തേണ്ടത് എന്നതിനെക്കുറിച്ചുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഓരോ കോളേജുകളും ലഭ്യമാക്കണം.
    3. ഗ്രാജുവേറ്റ് ആട്രിബ്യൂട്ട്സ്, ഓരോ പ്രോഗ്രാമുകളുടെയും പ്രോഗ്രാം എഡ്യുക്കേഷണൽ ഔട്ട്കംസ്, പ്രോഗ്രാം സ്പെസിഫിക് ഔട്ട്കംസ്, കോഴ്സ് ഔട്ട്കംസ് എന്നിവ വിദ്യാർത്ഥികൾക്ക് വിശദീകരിച്ച് നൽകണം.
    4. അക്കാദമിക് ക്രെഡിറ്റ് എങ്ങനെയാണ് കണക്കാക്കുന്നത് എന്നും അതിനുള്ള മാനദണ്ഡങ്ങളും വിശദീകരിച്ച് നൽകണം.
    5. ഓരോ പ്രോഗ്രാമിന്റെയും ക്രെഡിറ്റ് ഘടന വിവിധ പാത് വേകളും മൂല്യനിർണ്ണയ രീതികളും അതിന് പിന്തുടരുന്ന വിവിധ റൂബ്രിക്സ് എന്നിവ വിശദീകരിക്കണം.

6. അക്കാദമിക് ബാങ്ക് ഓപ് ക്രെഡിറ്റ്സ്, ഫാസ്റ്റ് ട്രാക്ക് ഓപ്ഷൻ (N-1 സെമസ്റ്റർ) എന്നിവ വിദ്യാർത്ഥികളോട് വിശദീകരിക്കണം.

3. **അക്കാദമിക് അഡ്വൈസർമാരുടെ ചുമതലകൾ**

1. വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുത്ത പ്രോഗ്രാമിന്റെ പാത് വേ കോഴ്സുകൾക്ക് പുറമെ തെരഞ്ഞെടുക്കാവുന്ന മറ്റ് പ്രോഗ്രാമുകളുടെ പാത് വേ കോഴ്സുകളെ പറ്റിയും പഠിക്കാവുന്ന ബഹു വൈജ്ഞാനിക കോഴ്സുകളെ കുറിച്ചും (MDC), ഉള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ അക്കാദമിക് അഡ്വൈസർമാർ നൽകാൻ ശ്രദ്ധിക്കണം.
2. വിദ്യാർത്ഥികൾ ഈ മാർഗ്ഗനിർദ്ദേശങ്ങൾ പിന്തുടർന്ന് വിവിധ പ്രോഗ്രാമുകളുടെ പാത് വേ കോഴ്സുകളും, ബഹു വൈജ്ഞാനിക കോഴ്സുകളും തെരഞ്ഞെടുത്ത് ആദ്യ രണ്ടു സെമസ്റ്റർ പൂർത്തീകരിക്കും.
3. വിവിധ പ്രോഗ്രാമുകളുടെ പാത് വേ കോഴ്സുകൾ തെരഞ്ഞെടുക്കാൻ നിർദ്ദേശിക്കുമ്പോൾ വിദ്യാർത്ഥികൾ അഡ്മിഷൻ എടുത്ത പ്രോഗ്രാമിന് പുറമെയുള്ള ചുരുങ്ങിയത് രണ്ടു പ്രോഗ്രാമുകളുടെ പാത് വേ കോഴ്സുകളും, ഈ പാത് വേ കോഴ്സുകൾക്ക് പുറത്തുള്ള വിഷയങ്ങളിൽ നിന്നുള്ള ബഹു വൈജ്ഞാനിക കോഴ്സുകളും തെരഞ്ഞെടുക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കണം.
4. ഇത്തരത്തിൽ വിവിധ പ്രോഗ്രാമുകളിൽ നിന്നുള്ള പാത് വേ കോഴ്സുകളും ബഹു വൈജ്ഞാനിക കോഴ്സുകളും തെരഞ്ഞെടുക്കാനുള്ള അവസരം ലഭിക്കുന്നത് വഴി വിദ്യാർത്ഥികൾ ആദ്യ രണ്ട് സെമസ്റ്ററുകളിൽ ഏറ്റവും ചുരുങ്ങിയത് 5 വിഷയ മേഖലകളിൽ എങ്കിലും പരിചയം നേടിയിട്ടുണ്ട് എന്ന് അക്കാദമിക് അഡ്വൈസർമാർ ഉറപ്പുവരുത്തണം.
5. ആദ്യ രണ്ടു സെമസ്റ്ററുകൾക്ക് ശേഷം വിദ്യാർത്ഥികൾക്ക് അവരുടെ താൽപര്യപ്രകാരം അനുയോജ്യമായ മേജർ, മൈനർ വിഷയങ്ങൾ തെരഞ്ഞെടുക്കാനും അതിന് യോജിച്ച അക്കാദമിക് പാത് വേ ഡിസൈൻ ചെയ്യാനും അക്കാദമിക് അഡ്വൈസർമാർ ആവശ്യമായ സഹായങ്ങൾ നൽകണം.
6. വൊക്കേഷണൽ മൈനർ കോഴ്സുകൾ തെരഞ്ഞെടുക്കുന്നവർക്ക് അനുയോജ്യമായ സ്കിൽ/വൊക്കേഷണൽ കോഴ്സുകൾ നൽകുന്ന

അംഗീകൃത നൈപുണ്യ വികസന കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കണം.

4. **വകുപ്പ് തല നാലുവർഷ ബിരുദ കോർഡിനേറ്റർമാരുടെ ചുമതലകൾ**

1. മേജർ പ്രോഗ്രാം ഓഫർ ചെയ്യുന്ന ആർട്സ്, ഹ്യുമാനിറ്റീസ്, കൊമേഴ്സ് വിഭാഗങ്ങളിലെ വിവിധ വകുപ്പുകൾ അവരുടെ വകുപ്പുതല കോഴ്സ് ബാസ്കറ്റുകളിൽ ചുരുങ്ങിയത് 25 പാത് വേ കോഴ്സുകളും ഒരു ബഹു. വൈജ്ഞാനിക കോഴ്സും ഉണ്ട് എന്ന് വകുപ്പുതല നാലുവർഷ ബിരുദ കോർഡിനേറ്റർ ഉറപ്പുവരുത്തണം.
2. 25 പാത്ത് വേ കോഴ്സുകളിൽ രണ്ടെണ്ണം ലെവൽ 400 ൽ ഉള്ള ഓൺലൈൻ കോഴ്സുകൾ ആകാവുന്നതാണ്.
3. മൈനർ പ്രോഗ്രാം മാത്രം നൽകുന്ന വകുപ്പുകളുടെ കോഴ്സ് ബാസ്കറ്റുകളിൽ ഓൺലൈൻ കോഴ്സുകളടക്കം 9 പാത് വേ കോഴ്സുകളുണ്ട് എന്നു ഉറപ്പ് വരുത്തണം.
4. പാത് വേ കോഴ്സുകളുടെ ബാസ്കറ്റുകൾ തെരഞ്ഞെടുക്കുമ്പോൾ ലെവൽ 100 ൽ ചുരുങ്ങിയത് 3 കോഴ്സുകൾ, ലെവൽ 200 ൽ ചുരുങ്ങിയത് 7 കോഴ്സുകൾ, ലെവൽ 300 ൽ ചുരുങ്ങിയത് 10 കോഴ്സുകൾ, ലെവൽ 400 ൽ രണ്ടു ഓൺലൈൻ കോഴ്സുകൾ അടക്കം 5 കോഴ്സുകൾ ഉണ്ട് എന്ന് വകുപ്പ് തല നാലുവർഷ ബിരുദ കോർഡിനേറ്റർമാർ ഉറപ്പുവരുത്തണം.
5. ലാബ് കോഴ്സുകൾ ഉള്ള സയൻസ് വിഷയങ്ങളിൽ മേജർ നൽകുന്ന വകുപ്പുകളിലെ കോഴ്സുകളുടെ ബാസ്കറ്റുകൾ തെരഞ്ഞെടുക്കുമ്പോൾ അതിൽ വിവിധ ലെവലുകളിൽ ആയി 24 പാത് വേ കോഴ്സുകളും (രണ്ടു ഓൺലൈൻ കോഴ്സുകളടക്കം) ഒരു ബഹു വൈജ്ഞാനിക കോഴ്സും ഉണ്ട് എന്ന് വകുപ്പ് തല നാലുവർഷ ബിരുദ കോർഡിനേറ്റർമാർ ഉറപ്പുവരുത്തണം.
6. ലാബ് കോഴ്സുകൾ ഒരു ക്രെഡിറ്റ് കോഴ്സ് ആയി ഡിസൈൻ ചെയ്യുകയും അത് ഒറ്റക്കോ അനുബന്ധ തിയറി കോഴ്സുകളുമായി കൂട്ടി ചേർത്ത് 4 ക്രെഡിറ്റ് കോഴ്സ് ആയോ (3 ക്രെഡിറ്റ് തിയറി +1 ക്രെഡിറ്റ് പ്രാക്റ്റിക്കൽ എന്ന രീതിയിൽ) ബന്ധപ്പെട്ട സർവ്വകലാശാലകൾ നിർദ്ദേശിക്കുന്ന വിധത്തിൽ ആണ് നടത്തേണ്ടത്.
7. ഇത്തരത്തിൽ പാത് വേ കോഴ്സ് നിശ്ചയിക്കുമ്പോൾ സയൻസ് ലാബ് വിഷയങ്ങളിൽ മേജർ & മൈനർ നൽകുന്ന വകുപ്പുകളിൽ ചുരുങ്ങിയത്


11 കോഴ്സുകൾ എങ്കിലും ലാബ് കോഴ്സുകളുടെ ക്രെഡിറ്റുകൾ ഉള്ളതായിരിക്കണം.

8. മേജർ ചെയ്യുന്ന വിദ്യാർത്ഥിക്ക് ചില പ്രോഗ്രാമുകളിൽ 8 മുതൽ 10 കോഴ്സുകൾ എങ്കിലും ലാബ് കോഴ്സുകളുടെ ക്രെഡിറ്റുകൾ ഉൾചേർന്ന കോഴ്സുകൾ പൂർത്തീകരിക്കേണ്ടി വന്നേക്കാം.
9. ലാബ് കോഴ്സുകളുടെ ക്രെഡിറ്റുകൾ ഉൾചേർന്ന കോഴ്സുകൾ തെരഞ്ഞെടുക്കുമ്പോൾ ഓരോ വകുപ്പുകളും നിലവിൽ ലാബ് കോഴ്സുകൾക്ക് അനുവദിച്ച ജോലിഭാരം, വിദ്യാർത്ഥികൾ ഒരു ലാബ് കോഴ്സ് വഴി പൂർത്തീകരിക്കുന്ന പ്രാക്റ്റിക്കലുകളുടെ എണ്ണം, വിദ്യാർത്ഥി ആ പ്രോഗ്രാമിൽ ആകെ പൂർത്തിയാക്കേണ്ട പ്രാക്ടിക്കലുകളുടെ എണ്ണം എന്നിവ അടിസ്ഥാനമാക്കേണ്ടതുണ്ട്.
10. ഒരു ക്രെഡിറ്റ് ലാബ് കോഴ്സ് വഴി 8 മുതൽ 10 പ്രാക്ടിക്കൽ എങ്കിലും വിദ്യാർത്ഥികൾ പൂർത്തീകരിക്കുന്നതാണ് അഭികാമ്യം. കൂടുതൽ പ്രായോഗിക വിശദാംശങ്ങൾ ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസുകൾ വഴി വകുപ്പ് തല നാലുവർഷ ബിരുദ കോർഡിനേറ്റർമാർ ശേഖരിക്കണം.
11. ഓരോ സെമസ്റ്ററുകളിലും നൽകുന്ന ഫൗണ്ടേഷൻ കോഴ്സുകളുടെ ബാസ്കറ്റുകൾ തീരുമാനിക്കുമ്പോൾ ആ വർഷം ആകെയുള്ള വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കി ചുരുങ്ങിയത് 75 വിദ്യാർത്ഥികൾക്ക് ഓരോ കാറ്റഗറിയിലും (MDC,AEC (ENG), AEC (OL), VAC, SEC) ഒരു ഫൗണ്ടേഷൻ കോഴ്സ് എന്ന നിലയിൽ നൽകാനുള്ള സംവിധാനം കോളേജ് തലത്തിൽ ഉറപ്പാക്കണം.
12. കൂടുതൽ വിദ്യാർത്ഥികളും ആവശ്യത്തിന് ജോലിഭാരവുമുണ്ടെങ്കിൽ അത് ഉപയോഗപ്പെടുത്തി അനുയോജ്യമായ താൽക്കാലിക ബാച്ചുകൾ ഫൗണ്ടേഷൻ കോഴ്സുകൾക്കായി കോളേജുകൾക്ക് ആരംഭിക്കാവുന്നതാണ്.
13. വിദ്യാർത്ഥികൾക്ക് പഠനത്തിനും അധിക പഠനത്തിനും ആവശ്യമായ കോഴ്സുകളും ഓൺലൈൻ വിഭവങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

5. **കോളേജുകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ക്ലാസുകൾ ക്രമീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. 8.30 – 9.30 മുതൽ 4.30 – 5.30 വരെയുള്ള ക്ലാസ് സ്ലോട്ടുകൾ ക്ലാസ് റൂം പഠനത്തിന് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം കോളേജുകൾക്കും അധ്യാപകർക്കും ഉണ്ടാകും.
2. ഈ സ്ലോട്ടുകൾക്കകത്ത് ഉച്ചഭക്ഷണ സമയം അടക്കം 7 മണിക്കൂർ പ്രവൃത്തി സമയം കോളേജുകൾക്ക് നിശ്ചയിക്കാം.
3. അധ്യാപകർക്ക് ഈ സ്ലോട്ടുകൾക്കകത്ത് 6 മണിക്കൂർ എങ്കിലും കാമ്പസ് സാന്നിധ്യം ഉറപ്പാക്കുന്ന രീതിയിൽ ക്ലാസ് സമയം ഫ്ളെക്സിബിൾ ആയി കോളേജ് തല നാലുവർഷ ബിരുദ പ്രോഗ്രാം കമ്മിറ്റിയ്ക്ക് ക്രമീകരിച്ച് നൽകാം.
4. എല്ലാ ദിവസവും ചുരുങ്ങിയത് 4 മുതൽ 5 സ്ലോട്ടുകളെങ്കിലും ക്ലാസുകൾക്കായി ഉപയോഗപ്പെടുത്തുന്നുയെന്ന് കോളേജ് തല നാലുവർഷ ബിരുദ പ്രോഗ്രാം കമ്മിറ്റി ഉറപ്പ് വരുത്തണം.
5. ഫൗണ്ടേഷൻ കോഴ്സുകൾക്ക് ഒരു ദിവസം പരമാവധി 2 സ്ലോട്ടുകൾ, പാത്ത് വേ കോഴ്സുകൾക്ക് ഒരു ദിവസം പരമാവധി 3 സ്ലോട്ടുകൾ എന്ന രീതിയിൽ സ്ലോട്ടുകൾ ക്രമീകരിക്കണം. ഫൗണ്ടേഷൻ കോഴ്സുകൾക്കുള്ള സ്ലോട്ടുകളിൽ ഫൗണ്ടേഷൻ കോഴ്സുകളും പാത്ത് വേ കോഴ്സുകൾക്കുള്ള സ്ലോട്ടുകളിൽ പാത്ത് വേ കോഴ്സുകളും ക്രമീകരിക്കണം.
6. ഫൗണ്ടേഷൻ കോഴ്സുകൾക്കുള്ള സ്ലോട്ടുകളിൽ വീണ്ടും ഓരോ കാറ്റഗറിയിലുള്ള എല്ലാ കോഴ്സുകളും (MDC,AEC,VAC,SEC) ഒരേ സമയം വരുന്ന രീതിയിൽ പരമാവധി ക്രമീകരിക്കണം.
7. പാത്ത് വേ കോഴ്സുകൾക്കുള്ള സ്ലോട്ടുകൾ സ്ലോട്ട് (എ), സ്ലോട്ട് (ബി), സ്ലോട്ട് (സി) എന്നിങ്ങനെ തരംതിരിക്കാം.
8. സ്ലോട്ട് (എ) വിദ്യാർത്ഥികൾ അഡ്മിഷൻ എടുത്ത പ്രോഗ്രാമിലെ പാത്ത് വേ കോഴ്സുകൾക്കായും, സ്ലോട്ട് (ബി), സ്ലോട്ട് (സി) എന്നിവ അഡ്മിഷൻ എടുത്ത പ്രോഗ്രാമിന് പുറത്തുള്ള പ്രോഗ്രാമുകളുടെ പാത്ത് വേ കോഴ്സുകൾക്കായും വിനിയോഗിക്കാവുന്നതാണ്.
9. വിദ്യാർത്ഥികളുടെ താത്പര്യം പരിഗണിച്ച് സാധ്യമാകുമെങ്കിൽ സ്ലോട്ട് (ബി), സ്ലോട്ട് (സി) എന്നിവിടങ്ങളിൽ നൽകുന്ന കോഴ്സുകൾ പരസ്പരം

മാറ്റാനും അല്ലെങ്കിൽ ഈ സ്ലോട്ടുകളിലെ ചില കോഴ്സുകൾക്കായി പുതിയ ഒരു സ്ലോട്ട് തീരുമാനിച്ച് നൽകാനും കോളേജ് തല നാലുവർഷ ബിരുദ പ്രോഗ്രാം കമ്മിറ്റിയ്ക്ക് അധികാരമുണ്ടായിരിക്കും.



**The Kerala State Higher Education Council**

Science and Technology Museum Campus
Vikas Bhavan P.O. Thiruvananthapuram-695033,
Kerala,India Phone: 0471 2301292
Fax: 0471 2301290
Email: heckerala@gmail.com